## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

### സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർസെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ: : ശ്രീമതി. അനുപമ T.V IAS ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )

വിഷയം: വനിത ശിശു വികസന വകുപ്പ് - ICPS -വിവിധ ജില്ലകളിലെ CWC, JJB-കളുടെ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷത്തെ കണ്ടിജൻസി ചൈൽഡ് റിലേറ്റഡ് എക്സ്പെൻസ് ഇനങ്ങളിൽ തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:1. ഈ കാര്യാലയത്തിലെ 09.08.2021,06.09.2021,12.10.2021 ലെ ഇതേ നമ്പർ ഉത്തരവുകൾ

2.ഗവ.ഒബ്സർവേഷൻ ഹോം തിരുവനന്തപുരം, കോഴിക്കോട്, ഗവ.ചിൽഡ്രൻസ് ഹോം എറണാകുളം എന്നീ സ്ഥാപന സൂപ്രണ്ടുമാരുടെ അപേക്ഷ

## ഉത്തരവ് നമ്പർ : ICPS-4(A)/11072/21 തീയതി:03.01.2022

കേന്ദ്ര വനിത ശിശു വികസന മന്ത്രാലയവും വനിത-ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന CWC, JJB-കളുടെ 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി കണ്ടിജൻസി ഫണ്ട്, ചൈൽഡ് റിലേറ്റഡ് എക്സ്പെൻസ് ഇനങ്ങളിൽ മേൽ പരാമർശം (1) പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

അനുവദിച്ച തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ, ബന്ധപ്പെട്ട സ്ഥാപനങ്ങൾ പരാമർശം 2 പ്രകാരം ലഭ്യമാക്കി തുടർന്നുള്ള ചെലവുകൾക്കായി ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താഴെ ചേർക്കും പട്ടിക പ്രകാരം തിരുവനന്തപുരം,എറണാകുളം,കോഴിക്കോട് എന്നീ ജില്ലകളിലെ CWC, JJB-കളുടെ 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് കണ്ടിജൻസി ഫണ്ട്, ചൈൽഡ് റിലേറ്റഡ് എക്സ്പെൻസ് ഇനങ്ങളിൽ അടുത്ത ഗഡുവായി ചുവടെ ചേർക്കും പ്രകാരം ആകെ **60,000/- രൂപ (അറുപതിനായിരം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

| Sl.No | Organisation | Component | Contigency | Child Related | Total |
|---|---|---|---|---|---|
| 1 | Gov.Observation Home Thiruvananthapuram | JJB | 10000 | | 10000 |
| 2 | Gov.Childrens Home Ernakulam | CWC | 20000 | | 20000 |
| 3 | Gov.Observation Home Kozhikode | JJB | 15000 | 15000 | 30000 |
| | Grant Total | | 45000 | 15000 | 60000 |

ടി തുക 60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) ICPS-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items നിന്നും അതാതു ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതും, ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ബന്ധപ്പെട്ട സൂപ്രണ്ടുമാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതുമാണ്.

ടി തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സ്ഥാപന മേധാവി താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സൂപ്രണ്ട് തുക കൈപ്പറ്റിയ വിവരം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.
2. മേൽപ്പട്ടിക പ്രകാരം അനുവദിച്ച തുക ചെലവായി തീരുന്ന മുറയ്ക്ക് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ചെലവായ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം, കംമ്പോണന്റ് വൈസ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയോടൊപ്പം ഓരോ കംമ്പോണന്റിനും അധികം ആവശ്യമായ തുകയുള്ള പട്ടിക തയ്യാറാക്കി അപേക്ഷ ഈ കാര്യാലയത്തിലേക്ക് അയയ്ച്ചു തരേണ്ടതാണ്.
3. ടി തുക സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിൽ കംമ്പോണന്റ് തിരിച്ച രേഖപ്പെടുത്തേണ്ടതാണ്.
4. ഓരോ കംമ്പോണന്റിനും അനുവദിച്ചിട്ടുള്ള തുക അതാതു കംമ്പോണന്റുകൾക്ക് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ&
മെമ്പർ സെക്രട്ടറി,SCPS

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

**പകർപ്പ്:**

1. സൂപ്രണ്ട് A സെക്ഷൻ (അല്ലോട്മെന്റ് നൽകുന്നതിനായി)
2. ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ട്മാർക്കും
3. ICPS -4
4. സ്റ്റോക്ക് ഫയൽ\
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്